# 63

# തിന്മയുടെ അന്ത്യം

## (20:1-3, 7-10)

വളരെക്കാലം മുൻപ് തന്നെ, പിശാചിന്റെ അന്ത്യം നിർണ്ണയിക്കപ്പെട്ടിരുന്നു. ന്യായവിധിനാളിൽ സിംഹാസനത്തിലിരിക്കുന്നവൻ തന്റെ ഇടത്തുള്ളവരോട് പറയും, "ശപിക്കപ്പെട്ടവരേ, എന്നെ വിട്ട് *പിശാചിന്നും അവന്റെ ദൂതന്മാർക്കും* ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ" (മത്തായി 25:41; എംഫസിസ് മൈൻ). സ്വർഗം ഒരുക്കിയിരിക്കുന്ന സ്ഥലമാകുന്നത് പോലെ (യോഹന്നാൻ 14:1-3) നരകവും ഒരുക്കിയിരിക്കുന്ന സ്ഥലമാണ് - ആരംഭത്തിൽ അത് പിശാചിനായി തയ്യാറാക്കിയതായിരുന്നു.

പിശാചിന്നായി ഒരുക്കിയിരിക്കുന്ന സ്ഥലത്തേക്ക് സാത്താനെ തള്ളിക്കളയുന്നതായിട്ടാണ് വെളിപ്പാട് 20 പറയുന്നത്. അവന്റെ ദൂതന്മാർ ആദ്യം തന്നെ വീണുപോയതായി പുസ്തകം വ്യക്തമാക്കുന്നു,[1] എന്നാൽ അത് തിന്മയെ തുടച്ചുനീക്കിയിരുന്നില്ല. തിന്മയുടെ ഉറവിടം ഇല്ലാതാകുന്നതുവരെ തിന്മയുടെ മേൽ പൂർണ്ണമായ വിജയം കൈവരിക്കുവാനാകില്ല. നിങ്ങൾക്ക് ദിവസം മുഴുവനും ചിലന്തിവല തൂത്തുകൊണ്ടിരിക്കാം, പക്ഷെ ചിലന്തിയെ കൊല്ലുന്നതുവരെ ചിലന്തി വല കെട്ടിക്കൊണ്ടിരിക്കും.

വെളിപ്പാടു 20-ൽ, ആദ്യം, പിശാചിനെ നിയന്ത്രിക്കുന്നതായി നാം കണ്ടു; ഇനി, അവനെ നീക്കം ചെയ്യുന്നതായി നാം കാണും. ആ സംഭവത്തിന്റെ പ്രാധാന്യം വാക്കുകളാൽ വർണ്ണിക്കുക അസാധ്യമാണ്. തങ്ങൾ പ്രസിദ്ധീകരിച്ച വർത്തമാന പത്രങ്ങളിലെ തലവാചകങ്ങൾ ഒരു പത്രം ഓഫിസീന്റെ ചുമരുകളിൽ പതിപ്പിക്കുകയുണ്ടായി. ഒരു തലവാചകം, വലിയ അക്ഷരത്തിൽ പറയുന്നു, "അമേരിക്ക യുദ്ധം പ്രഖ്യാപിക്കുന്നു" എന്നും, മറ്റൊന്ന് "യുദ്ധം അവസാനിക്കും" എന്നുമായിരുന്നു. അധികം പഴക്കമില്ലാത്ത മറ്റൊന്നു "മനുഷ്യർ ചന്ദ്രനിൽ നടക്കുന്നു" എന്നതായിരുന്നു. വെളിപ്പാട് 20 ഒരു വർത്തമാന പത്രത്തിൽ കൊടുക്കുകയാണെങ്കിൽ, അഞ്ചി-ഞ്ചു വലിപ്പമുള്ള അക്ഷരത്തിൽ: "**സാത്താൻ പരാജയപ്പെട്ടു!**" എന്നായിരിക്കും. ഒരു ദൈവ പൈതലിന് അത് എത്ര ആവേശം ജനിപ്പിക്കുന്നതാണ്!

ഈ പാഠം ഇപ്പോഴും ഇരുപതാം അദ്ധ്യായത്തിൽനിന്നായതുകൊണ്ട്, അവശേഷിക്കുന്ന ചില സങ്കീർണ്ണമായ കാര്യങ്ങൾ കൂടെ കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. എങ്ങനെയായാലും, അദ്ധ്യായത്തിന്റെ ഉദ്ദേശം ഓർമ്മിക്കുക. ഇവിടെയാണ് നാം സാത്താനോട് "ഗുഡ്ബൈയും - *നല്ല ഉദ്ധാരണവും*!" എന്നു പറയുവാനുള്ള അവസരം.

### "എന്തുകൊണ്ട്" എന്നു പറയുവാൻ കഴിയാത്തവ
### (20:1-3, 7, 8)

നമ്മുടെ പാഠത്തിന്റെ മുഖ്യഭാഗം തുടങ്ങുന്നത് വാക്യം 1 മുതൽ 3 വരെയുള്ള ഭാഗങ്ങൾ അവസാനിക്കുന്നിടത്തുനിന്നാണ്. ആ വാക്യങ്ങളിൽനിന്നു നമുക്ക് ലഭിക്കുന്നത് താഴെ പറയുന്ന ചിത്രമാണ്:

> അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ടു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്നതു ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടെച്ചുപൂട്ടുകയും മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്കു അഴിച്ചു വിടേണ്ടതാകുന്നു (വാ. 1-3).

പിന്നീട്, വാക്യം 7 ലും 8 ലും നാം വായിക്കുന്നു, "ആയിരം ആണ്ടു കഴിഞ്ഞപ്പോൾ സാത്താനെ തടവിൽ നിന്നു അഴിച്ചു വിടും, ..." സാത്താൻ തടവു ചാടി പോകുന്നില്ല എന്ന് ശ്രദ്ധിക്കുക, എന്നാൽ കർത്താവ് അവനെ പരോളിൽ വിടുകയാണ്.[2] ഈ അസാധാരണ പ്രസ്താവനയിൽ നിന്ന് പല സങ്കീർണങ്ങളായ ചോദ്യങ്ങൾ ഉത്ഭവിക്കുന്നു അവയിൽ ഇതിനെക്കാൾ അമ്പരപ്പിക്കുന്ന മറ്റൊന്നില്ല: "*എന്തുകൊണ്ട്*"? സ്പഷ്ടമായും ചില ദൈവീകമായ ഉദ്ദേശം നടപ്പാക്കേണ്ടതുണ്ട്[3] - എന്നാൽ അത് എന്തായിരിക്കും?

വെളിപ്പാടിലെ ചില സ്ഥലങ്ങളിൽ മിക്ക വ്യാഖ്യാതാക്കളും യോജിക്കുന്നു, അവയിൽ ഒന്നാണ് ഇത്. "എന്തുകൊണ്ട്?" എന്ന ചോദ്യത്തിന് ഏതാണ്ട് ലോകം മുഴുവൻ പറയുന്നത് "*ഞങ്ങൾക്കറിയില്ല*" എന്നാണ്. ഡോണാൾഡ് ഗെത്രി എഴുതി, "ഈ ചുരുങ്ങിയ അഴിച്ചുവിടൽ മർമ്മം നിറഞ്ഞിരിക്കുന്ന പുസ്തകത്തിലെ ഏറ്റവും വലിയ മർമ്മമാണ്."[4] "[സാത്താനെ] 'അല്പകാലത്തേക്ക്' അഴിച്ചു വിടുന്നത് എന്തുകൊണ്ടാണെന്നത് വ്യാഖ്യാതാക്കൾക്ക് മർമ്മമായിരിക്കുന്നു എന്ന് ഫ്രാങ്ക് പാക് പറഞ്ഞു".[5] അഴിച്ചു വിടുന്നതിന്റെ കാരണം ചില വ്യാഖ്യാതാക്കൾ ഊഹിക്കുന്നു; മറ്റുള്ളവർ പറയുന്നു, "നാം കാത്തിരുന്ന് കാണേണ്ടതാണ്." എന്നാൽ മിക്കപേരും പറയുന്നത്, ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ, "ഞങ്ങൾക്കു തീർച്ചയില്ല."[6]

നിങ്ങൾക്ക് ഊഹിക്കുവാൻ താല്പര്യമുണ്ടെങ്കിൽ ഇതാ ഒരു ഉദാഹരണം: *ഒരു പക്ഷെ* ദൈവം സാത്താനെ അഴിച്ചു വിടുന്നത് ഇയ്യോബിനെ പരീക്ഷിച്ചതുപോലെ പരീക്ഷിക്കേണ്ടതിനാകാം (ഇയ്യോബ് 1; 2) പത്രോസിനെ പിശാച് പരീക്ഷിക്കുവാൻ പരിശ്രമിച്ചതുപോലെയുമാകാം (22:31). *ഒരുപക്ഷെ* യേശു മടങ്ങിവരുമ്പോൾ, ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോഎന്ന ചോദ്യത്തിനുള്ള വിശദീകരണവും ആകാം (ലൂക്കൊസ് 18:8). മറ്റു ദൈവീകമായ മനോഗുണങ്ങളെ സാത്താൻ പരിഹസിക്കുന്നത് കൊണ്ട്,[7] *ഒരുപക്ഷെ* രണ്ടാം വരവിനെക്കുറിച്ചുള്ള പിശാചിന്റെ വിലകുറഞ്ഞ അനുകരണമാകാം (ആ മണ്ടത്തരത്തിന് ദൈവം അനുവദിച്ചുകൊടുത്തു). *ഒരുപക്ഷെ* ക്രിസ്ത്യാനികളുടെ ജാഗ്രത വിട്ടുകളയാതിരിക്കാൻ അവരെ ഓർപ്പിക്കുകയാകാം (1 പത്രൊസ് 5:8). *ഒരുപക്ഷെ* അവൻ ദൈവ മുമ്പാകെ വരുന്നതിനുമുമ്പ്, അഴിച്ചുവിട്ട് ഏറ്റവും മോശമായ അവന്റെ ബലഹീനത തുറന്നു കാണിക്കുന്നതിനുമാകാം. ഈ പറഞ്ഞവയിൽ ചിലത് അസംഭവ്യവും, മറ്റുചിലത് സംഭവിക്കുവാൻ സാദ്ധ്യതയുള്ളതുമാണ്; പക്ഷെ എല്ലാം ഊഹങ്ങൾ മാത്രമാണ്.

സാത്താനെ അഴിച്ചുവിടുന്നത് രണ്ടാം വരവിനു തൊട്ടുമുമ്പാണെന്നുള്ളള ഊഹം വെച്ചുകൊണ്ടാണ് മുകളിൽ പറഞ്ഞ ഊഹങ്ങൾ എടുത്തത്. നാം വേദഭാഗത്തെ തെറ്റായ *സമയത്തിൽ* നോക്കിക്കാണുന്നതുകൊണ്ടല്ലേ കുഴപ്പങ്ങൾ?

## അവിശ്വസനീയമായ "എപ്പോൾ"
## (20:3, 7)

ദർശനത്തിലെ "അൽപ്പകാലം" എന്നതായിരിക്കാം "ആയിരമാണ്ടി" നു ശേഷം അഴിച്ചുവിടലിനെ സംമ്പന്ധിച്ച് (ഒരു പക്ഷെ *മുഖ്യ* പ്രശ്നമായിരിക്കാം). ഒരു പ്രശ്നം (വാ. 3): സാത്താനെ ബന്ധിച്ചത് ആയിരമാണ്ടേക്കാണ്, അതേസമയം, രക്തസാക്ഷികളായി തീർന്ന വിശുദ്ധന്മാർ വാഴുകയും ചെയ്തു അപ്പോൾ, എല്ലാം നന്നായി പോകുന്നു എന്ന് തോന്നിയപ്പോൾ സാത്താനെ പെട്ടെന്ന് മോചിപ്പിക്കുകയും അവന്റെ ദുഷ്പ്രവൃത്തി ചെയ്യുവാൻ അനുവദിക്കയും ചെയ്യുന്നു. അവനെ അഴിച്ചുവിടുന്ന *സമയമാണ്* നമ്മെ പരിഭ്രാന്തിയിലാക്കുന്നത്.

ഒരു പക്ഷെ വേദഭാഗത്തിലെ സമയം നാം നോക്കിക്കാണുന്നതായിരിക്കാം കുഴപ്പം. അലങ്കാര ഭാഷ ഉപയോഗിക്കുന്ന ഒരു ദർശനമാണ് നാം കാണുന്നത് എന്ന് ഓർക്കുക. അത്തരം ഏർപ്പാടിൽ, ദീർഘമായ കാലയളവിനു മുമ്പ് അല്പകാലം എന്നത് അക്ഷരീകമായി എടുക്കാമോ? "ആയിരം ആണ്ട്" എന്നതിന് ഊന്നൽ കൊടുക്കുമ്പോൾ അത് *ആശയപരമായ* ഒരു ദീർഘകാലമായി എടുക്കരുത്. അത് അങ്ങനെയാകുമ്പോൾ, ഒരു പക്ഷെ "അൽപ്പകാലം" എന്നത് ഒരു പ്രത്യേക കാലമായി എടുക്കാതിരിക്കണം. പകരം ആ ഭാവന ഒരു *ആശയത്തെ* അറിയിക്കുന്നതിനു വേണ്ടിയാകാം. എന്ത് ആശയം? ഇതാ ചില സാദ്ധ്യതകൾ:

കഴിഞ്ഞ ഒരു പാഠത്തിൽ സൂചിപ്പിച്ചതുപോലെ[8] "അൽപകാലം" എന്ന പ്രയോഗം "ആയിരമാണ്ട്" എന്നതിന്റെ അന്തരമായിരിക്കാം കാണിക്കുന്നത്: സാത്താനെ "അഴിച്ചു വിടുന്നത്" അവനെ "ബന്ധിക്കുന്നതു" മായി താരതമ്യം ചെയ്താൽ അത് ചുരുങ്ങിയതും അപ്രധാനവുമാണ്. ദൈവ കല്പനയാൽ സാത്താൻ എല്ലായിപ്പോഴും പരിമിതപ്പെട്ടിരിക്കുന്നു; അവൻ ചെയ്യുന്നത് എല്ലാം ദൈവ നിയന്ത്രണത്താൽ ആണ്.

ഇവിടെ ഉപയോഗിച്ച അൽപകാലം എന്നതിന്റെ അർത്ഥം അടിസ്ഥാനപരമായി 12:12-ൽ പറഞ്ഞതായിരിക്കാം: "... പിശാച് തനിക്കു അല്പകാലമേയുള്ളു എന്ന് അറിഞ്ഞു മഹാ ക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു."[9] സാത്താന്റെ ദിനങ്ങൾ എണ്ണപ്പെട്ടു എന്നാണ് ആ വാക്കുകളുടെ അർത്ഥം – അവന് അത് അറിയുകയും ചെയ്യാം. സാത്താനെ ഒരു പരാജിതനായ ശത്രുവായിട്ടാണ് അദ്ധ്യായം 12 പറയുന്നത്; അദ്ധ്യായം 20 അവനെ ബന്ധിതനായ ശത്രുവായിട്ടാണ് പറയുന്നത്. രണ്ടിലും, അവന് "അല്പകാലം" മാത്രമേയുള്ളു എന്ന് അറിഞ്ഞുകൊണ്ട് പരമാവധി ദ്രോഹം ചെയ്യുവാൻ ശ്രമിക്കും.

"അൽപകാലം" എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത് പിശാചിനു പരിമിതിയോടുകൂടി പ്രവർത്തിക്കുവാൻ ചുരുങ്ങിയ സന്ദർഭം നൽകുമെന്നാണ്.[10] ക്രൂശിനാലും സുവിശേഷത്താലും സാത്താനെ ബന്ധിച്ചിരിക്കുന്നതായി നാം മുമ്പ് പറഞ്ഞുവല്ലോ, എന്നാൽ സുവിശേഷം എത്താത്ത സ്ഥലത്തുള്ളവർക്കോ, അവിടെ ആളുകൾക്ക് ക്രൂശിനെക്കുറിച്ച് കേൾക്കുവാൻ അവസരം ലഭിച്ചിരുന്നില്ലേ? ഖേദകരമെന്നു പറയട്ടെ, അത്തരം സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോഴുമുണ്ട്, ലോകത്തിലുണ്ടാവുകയും ചെയ്യും അത് അങ്ങനെയാകുമ്പോൾ, ആളുകളുടെ ഹൃദയങ്ങളേയും ജീവിതങ്ങളേയും സാത്താൻ സ്വാധീനിക്കും.

ഒരുപക്ഷെ "അൽപകാലം" എന്ന പ്രയോഗം കോണ്ട് എന്താണ് ഉദ്ദേശി

ച്ചതെന്ന് മുകളിൽ സൂചിപ്പിച്ച ആശയങ്ങളിൽനിന്നു നിങ്ങൾക്ക് മനസിലായി കാണുമല്ലൊ.

"എപ്പോൾ" എന്ന വിഷയം നാം വിട്ടുപോകുന്നതിന് മുൻപ് അവസാനമായി ഒരു സാധ്യതകൂടെ പറഞ്ഞുകൊള്ളട്ടെ: വാക്യം 5 ഉം 7 ഉം നിരീക്ഷിച്ചാൽ "ആയിരം വർഷം" "കഴിഞ്ഞതുപോലെ"[11] ആണ് സൂചിപ്പിച്ചിരിക്കുന്നത്. വാക്യം 5 നെ കുറിച്ച്, ഞാൻ പറഞ്ഞു, " 'ആയിരം വർഷം കഴിഞ്ഞ്' എന്ന പ്രസ്താവന കാലാവസാനമായിരിക്കണം സൂചിപ്പിക്കുന്നത് - ക്രിസ്തു മടങ്ങി വരുമ്പോൾ, മരിച്ചവർ ഉയർക്കുകയും എല്ലാവരും ന്യായം വിധിക്കപ്പെടുകയും ചെയ്യും." വാക്യം 5-ൽ അതാണ് അർത്ഥമെങ്കിൽ, 7 ന്റേയും അർത്ഥം അതു തന്നെയാണ്. അങ്ങനെയെങ്കിൽ, "അൽപകാലം" എന്നത് പ്രത്യേക *കാലയളവല്ല*, ക്രിസ്തു മടങ്ങിവരുമ്പോൾ, കണ്ണിമ-ക്കുന്നതിനിട-യിൽ സംഭവിക്കുന്നതാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, സാത്താനെ അഴിച്ചുവിടുന്നത്, അവനെ നശിപ്പിക്കുന്നതിനാണ്. "പിശാചിന്റെ ന്യായവിധി നാളായി" നമുക്ക് ഇതിനെ കണക്കാക്കാം.

ഈ ദർശനത്തിലെ വ്യാഖ്യാനത്തിലുള്ള തടസം എന്തെന്നാൽ, സമയം ചെല്ലുന്തോറും സാത്താൻ വംശങ്ങളെ വഞ്ചിക്കുകയും ശത്രുക്കളെ ഭൂമിയുടെ വിദൂര കോണുകളിൽനിന്നു കൂട്ടിച്ചേർക്കയും ചെയ്യുകയാണ്. എങ്ങനെയായാലും, അത് ആലങ്കാരികമാണ്, അക്ഷരികമായി എടുക്കരുത്. നമുക്ക് അറിയാവുന്നതുപോലെ, സമയം, അതിൽ ഉൾപ്പെടുന്നില്ലായിരിക്കാം. "ആയിരം ആണ്ട് കഴിഞ്ഞ്" എന്ന അലങ്കാരം പിശാചിന് എന്നിട്ടും മാറ്റം സംഭവിച്ചില്ല എന്ന് സൂചിപ്പിക്കുകയാകാം (അവൻ ദൈവത്തിന്റെ ശത്രുവും വഞ്ചകനുമായി തുടരുന്നു), അതുകൊണ്ട് അവനെ തീപ്പൊയ്കയിലേക്ക് തള്ളിയിടുന്നത് ഉചിതം തന്നെ.

നിങ്ങൾ പരിഭ്രാന്തിയിലായോ? "എപ്പോൾ?" എന്ന ചോദ്യത്തെ സംബന്ധിച്ച് ഞാൻ മൂന്ന് പ്രസ്താവനകൾ നടത്തട്ടെ: (1) "അൽപ കാലം" എന്ന സമയത്തെ കുറിച്ച് ഞാൻ പറഞ്ഞ സാധ്യതകൾ നിങ്ങൾ മനസിലാക്കുകയോ ഓർമ്മിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. (2) സാത്താന്റെ "അൽപ കാലം" എന്നത് "എപ്പോൾ" ആയിരിക്കുമെന്ന് തീർച്ചയില്ല എന്നു കാണിക്കുകയാണ് വിവിധ സാധ്യതകൾ പറയുവാനുള്ള ഒരു കാരണം. (3) പരിശുദ്ധാത്മാവ് നമുക്ക് നൽകിയ സന്ദേശത്തിൽ "എപ്പോൾ" എന്നതിന് അടിസ്ഥാനപരമായി പ്രസക്തിയില്ല എന്നു വിവേചിക്കാം. "എപ്പോൾ" എന്നതിനോ "എന്തുകൊണ്ട്" എന്നതിനോ അല്ല പ്രാധാന്യം, പിന്നെയോ "ഏത്" എന്നതിനാണ്: *സാത്താന്റെ അന്തിമ സ്ഥാനം ഏതായിരിക്കും?*

## പ്രധാനപ്പെട്ട "എന്ത്?"
## (20:7-10)

ആ വേദഭാഗം ആലങ്കാരികമാണെന്ന് വിചാരിച്ച്, അതിനെ കൂടുതൽ അടുത്തു നോക്കാം.

### വഞ്ചിക്കൽ

എന്റെ അ-ളിയ-ൻ, ടി. എൻ. "ബഡ്" ടിബെൽസിന്, മുഴുവൻ-സമയ തടവുകാർക്കിടയിലുള്ള സുവിശേഷ പ്രവർത്തനമുണ്ടായിരുന്നു. ദേശ വ്യാപകമായി പകുതിയിലധികം തടവുകാരും, അവരുടെ അനുഭവത്തിൽനിന്നു പ

റിക്കാതെ, വീണ്ടും തടവിലേക്ക് തന്നെ പോകുകയാണ് പതിവ് എന്ന് അദ്ദേഹം എന്നോട് പറയുകയുണ്ടായി. യോഹന്നാന്റെ ദർശനത്തിൽ, സാത്താനെ ആയിരം ആണ്ട് തടവിലാക്കിയിട്ടും, അവൻ ഒന്നും പഠിച്ചില്ല. അവനെ അഴി ച്ചുവിട്ട ഉടനെ, അവൻ നിർത്തിയിടത്തുനിന്നു തുടങ്ങി: "ആയിരം ആണ്ട് കഴിയുമ്പോഴോ, സാത്താനെ തടവിൽനിന്ന് അഴിച്ചുവിടും, അവൻ ഭൂമിയിലെ ജാതികളെ വഞ്ചിക്കുവാൻ പുറപ്പെടും ..." (വാ. 7, 8).

"ഭൂമിയുടെ നാല് കോണിൽനിന്നുമുള്ളവരാണ്" "ജാതികൾ." ആ വാക്കിന് ദൂരവുമായി ബന്ധമില്ല,[12] മറിച്ച് സർവ്വലോകവും എന്നാണ് സൂചന. "നാല്" മനുഷ്യന്റെ സംഖ്യയാണ്.[13] "ഭൂമിയുടെ നാല് കോണിൽനിന്ന്" എന്നത് അർത്ഥമാക്കുന്നത് "ലോകത്തിലെ എല്ലാ ഭാഗത്തുനിന്നും" എന്നാണ്.

ജാതികളെ തിരിച്ചറിയുന്നത് "ഗോഗും മാഗോഗും" ആയിട്ടാണ് (വാ. 8). "അർമ്മഗദോൻ"[14] എന്ന യുദ്ധത്തിന്റെ ഭാഗമായി ആളുകൾ ഉപയോഗിക്കുന്ന അസാധാരണ വാക്കുകളാണ് അവ. ആ പേരുകൾ നമുക്ക് അശുഭസൂചക മായി തോന്നിയേക്കാം, എന്നാൽ ഒന്നാം നൂറ്റാണ്ടിലെ അറിവുള്ള ക്രിസ്ത്യാ നികൾക്ക് പരിചയമുണ്ടായിരുന്നു. ഗോഗും മാഗോഗും "യെഹൂദ മനസിൽ ... അത് ആഴമേറിയ മർമ്മമായിട്ടാണ് കേട്ടിരുന്നത്"[15] യാഫേത്തിന്റെ മക്കളിൽ ഒരാളായിരുന്നു മാഗോഗ് (ഉൽപത്തി 10:2; കൂടാതെ 1 ദിനവൃത്താന്തം 1:5 ഉം നോക്കുക). ക്രമേണ, മാഗോഗിന്റെ മക്കൾ വർദ്ധിക്കുകയും, "മാഗോഗ്" ഒരു ദേശത്തിന്റെ പേരായി തീരുകയും ചെയ്തു (യെഹസ്‌ക്കേൽ 38:2; 39:6). യോ വേലിന്റെ ഒരു മകന്റെ പേരായിരുന്നു "ഗോഗ്" (1 ദിനവൃത്താന്തം 5:4). യെഹ സ്‌ക്കേൽ പ്രവാചകൻ രണ്ട് വാക്കുകൾ മാഗോഗുമായി ചേർത്ത്, യിസ്രായേ ലിനെതിരായ ശക്തികളായും അവരുടെ ഭരണാധികാരിയെ "ഗോഗ്" എന്നും വിളിച്ചതിന്റെ,[16] കാരണങ്ങൾ നമുക്ക് അറിയില്ല (യെഹസ്‌ക്കേൽ 38:2).[17]

ദൈവശ്വാസിയമല്ലാത്ത അപോകാലിപ്റ്റിക് എഴുത്തുകാർ യെഹസ്‌ക്കേൽ ഉപയോഗിച്ച രണ്ട് വാക്കുകൾ എടുത്ത് മശിഹയുടെ ശത്രുക്കൾക്ക് പൊതു വിൽ വിളിക്കുവാൻ ശ്രമിക്കുകയുണ്ടായി. വെളിപ്പാട് 20:8-ൽ പൊതുവിൽ ആ അർത്ഥത്തിലാണ് ആ പേരുകൾ ഉപയോഗിച്ചിരിക്കുന്നത്. അവ യോഹന്നാന്റെ കാലത്തെയോ, അല്ലെങ്കിൽ നമ്മുടെ കാലത്തെയോ പ്രത്യേക ആളുകളെയല്ല സൂചിപ്പിക്കുന്നത്; മറിച്ച്, അവർ "ദൈവത്തെ അറിയാത്ത, കർത്താവായ യേശു വിന്റെ സുവിശേഷം അനുസരിക്കാത്ത" ഏതൊരാളും, അല്ലെങ്കിൽ എല്ലാവരും ആയിരിക്കാം (2 തെസലൊനിക്യർ 1:8). ജിം മെക്‌ഗ്വിഗിൻ പറഞ്ഞു, "അവർ ആരുമാകാം, എന്നാൽ പ്രത്യേകമായി ആരുമല്ല."[18] ജി. ബി. കെയിഡ് എഴുതി, "ഗോഗിന്റെ തൊപ്പി ചേരുന്ന ആരും ആകാം."[19]

പിശാചിന് തിരഞ്ഞെടുക്കുവാൻ ആരെയെങ്കിലും കിട്ടും എന്ന പാഠമാണ് നമുക്ക് വേദഭാഗത്തിൽനിന്നു ലഭിക്കുന്നത്. അവന്റെ രണ്ട് മുഖ്യ കൂട്ടാളിക ളാണ് - മൃഗവും കള്ളപ്രവാചകനും - അവർ പരാജയപ്പെട്ടിരിക്കാം, പക്ഷെ അത് അവനെ പിന്തിരിപ്പിക്കുന്നില്ല. അവൻ പെട്ടെന്ന് പുറപ്പെട്ട് ഗോഗിനോടും മാഗോഗിനോടും ചേരുകയാണ്.

യെഹസ്‌ക്കേലിന്റെ പ്രവചനത്തെ കുറിച്ച് ഒരു കാര്യം കൂടെ നിങ്ങൾ അറിഞ്ഞിരിക്കണം: ഗോഗിലും മാഗോഗിലും ദൈവത്തിന്റെ *ക്രോധം* ചൊരിഞ്ഞു എന്നതിനായിരുന്നു ഊന്നൽ (ഉദാഹരണത്തിന്, യെഹസ്‌ക്കേൽ 39:6 നോക്കുക). അതുകൊണ്ട്, വെളിപ്പാട് 20-ൽ, "ഗോഗും" "മാഗോഗും" ദൈവത്തിന്റെ വെറും ശത്രുക്കൾ മാത്രമായിരുന്നില്ല, *വേഗത്തിൽ-പരാജയ*

*പ്പെടുവാനുള്ള* ദൈവത്തിന്റെ ശത്രുവാണ്.

**നിർണ്ണായിച്ചു**

സാത്താൻ ജാതികളെ വഞ്ചിക്കുവാനുള്ള ഉദ്ദേശം "യുദ്ധത്തിന് അവരെ ഒന്നിച്ചു ചേർക്കുക" എന്നതായിരുന്നു (വാ. 8). ഇതേ യുദ്ധമാണ് നാം 16:14-16 ലും 19:19 ലും വായിക്കുന്നത്[20] - അവസാനത്തെ നന്മയും തിന്മയും തമ്മിലുള്ള നിർണ്ണായകമായ "യുദ്ധം."[21] (ഈ പാഠത്തതിന്റെ അവസാനം വരുന്ന "സാത്താൻ ജാതികളെ വഞ്ചിക്കുന്നു" എന്ന ചിത്രീകരണം നോക്കുക.)

"കടൽക്കരയിലെ മണൽ പോലെ" ആയിരുന്നു സാത്താൻ കൂട്ടിച്ചേർത്ത സംഘങ്ങളുടെ "എണ്ണം" എന്ന് വാക്യം 8 ന്റെ അവസാനം പറയുന്നു (വാ. 8). സൈന്യം വളരെ വലുതാകുന്നതായി, വേദഭാഗത്തിന്റെ മൂർദ്ധന്യാവസ്ഥ കാണിക്കുന്നു. ആ ബ്രഹത്തായ സൈന്യം "ഭൂമിയിൽ പരക്കെ ചെന്നു" (വാ. 9). അത് ഒരു ഭൂമിശാസ്ത്രപരമായ സ്ഥാനമല്ല,[22] എന്നാൽ അത് അലങ്കാരത്തിന്റെ ഒരു ഭാഗമാണ്.

"വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും സൈന്യം വളഞ്ഞു" (വാ. 9). "പാളയം" എന്നും "നഗരം" എന്നും പറഞ്ഞിരിക്കുന്നത് രണ്ട് വ്യത്യസ്ത കൂട്ടമായിരുന്നില്ല, ഒരേ കൂട്ടമായിരുന്നു: ദൈവജനം. ഹോമർ ഹെയ്‌ലി എഴുതി, "ഒരു കൂട്ടം ആളുകളുടെ വ്യത്യസ്ത വശങ്ങളായിട്ടാണ് രണ്ട് വാക്കുകൾ, കർത്താവിന്റെ സഭ ആയിട്ടാണ്, പറഞ്ഞിരിക്കുന്നത്."[23] ഹെന്റി സ്വെറ്റ് പറഞ്ഞു, " 'വിശുദ്ധന്മാരുടെ പാളയം' 'പ്രിയ നഗരം' എന്ന് പറഞ്ഞിരിക്കുന്നത്, ഏക ശരീരമായ സാർവ്വലൗകിക സഭയുടെ വിവിധ വശങ്ങളാണ്. ..."[24] അദ്ധ്യായം 12-ൽ നമ്മോട് പറഞ്ഞിരിക്കുന്നത്, "മഹാസർപ്പം ദൈവകൽപന പ്രമാണിക്കുന്ന [വരും] യേശുവിന്റെ സാക്ഷ്യം പിടിച്ചിരിക്കുന്നവരുമായി യുദ്ധം ചെയ്വാൻ പുറപ്പെട്ടു" എന്നാണ് (വാ. 17). അവസാനം, സാത്താന്റെ ശത്രുതയും ദൈവസ്നേഹവും യേശുവിന്റെ അനുയായികളിലായിരിക്കും.

ഒരു പാളയം നഗരത്തിൽനിന്നു വേർതിരിച്ചിരിക്കും, എന്നാൽ ഓരോ വാക്കും സഭയെക്കുറിച്ച് എന്തെങ്കിലും നമ്മോടു പറയുന്നുണ്ടാകും. "പാളയം" എന്ന വാക്ക് *ഉത്തരവാദിത്വത്തെയാണ്* കാണിക്കുന്നത്: ആ വാക്ക് മരുഭൂയാത്രയുമായി ബന്ധപ്പെട്ടതാണ് (എബ്രായർ 13:11, 13 നോക്കുക). നാം പരദേശത്ത് തീർത്ഥാടകരാണെന്ന് അത് നമ്മെ ഓർപ്പിക്കുന്നു (എബ്രായർ 11:13).[25] "നഗരം" എന്ന വാക്കിൽ *പ്രതിഫലം* ഉൾപ്പെട്ടിരിക്കുന്നു: യെഹൂദന്മാർക്ക്, "പ്രിയനഗരം" ജഡിക യെരുശലേമായിരുന്നു; എന്നാൽ ക്രിസ്ത്യാനികൾ "സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ *സ്വർഗീയ* യെരുശലേമിന്നും അടുക്കലത്രെ വന്നിരിക്കുന്നത്" (എബ്രായർ 12:22; എംഫസിസ് മൈൻ).[26] അവിടെയാണ് ക്രിസ്ത്യാനികൾക്ക് ക്രിസ്തുവുമായി കൂട്ടായ്മ ലഭിക്കുന്നത്.[27]

സാത്താന്റെ പ്രബലമായ സൈന്യം പാളയത്തെ/നഗരത്തെ വളഞ്ഞിരിക്കുന്നത് മനസിലേക്ക് കൊണ്ടുവരിക. ഭൗമിക കാഴ്ച്ചപ്പാടനുസരിച്ച്, ദൈവജനത്തിനെതിരായി അണി നിരന്നത് അസംഖ്യമായിരുന്നു. സ്പഷ്ടമായ പ്രത്യാശാരാഹിത്യം ബോധ്യപ്പെട്ടില്ലെങ്കിൽ, അടുത്ത നിമിഷം എന്തു സംഭവിക്കുമെന്ന് പറയുവാൻ സാധ്യമല്ല. സാത്താൻ തന്റെ അവസാനത്തെ വലിയ പോരാട്ടം പുറത്തെടുത്തു ("അവസാനം" എന്ന വാക്ക് ഊന്നിപ്പറഞ്ഞുകൊണ്ട്).

**പരാജയപ്പെട്ടു**

പിശാച് തന്റെ സൈന്യത്താൽ അശക്തമാക്കുവാനുള്ള പരിശ്രമം നടത്തുമ്പോൾ, എന്തു സംഭവിച്ചു? “സ്വർഗത്തിൽനിന്ന് തീ ഇറങ്ങി അവരെ വിഴുങ്ങികളഞ്ഞു” (വാ. 9).[28]

ചില പുരാതന കയ്യെഴുത്തുപ്രതികളിൽ “സ്വർഗത്തിലെ, *ദൈവത്തിൽനിന്ന്* തീ ഇറങ്ങി”[29] എന്നാണ്. അത് ആരംഭവായന അല്ലെങ്കിലും, ആശയം ശരിയാണ്. സോദോമിലും ഗൊമോരയിലും തീ ഇറക്കിയത് ദൈവമാണ് (ഉൽപത്തി 19:24). നാദാബിനേയും അബീഹൂവിനേയും നശിപ്പിക്കുവാൻ അവൻ തീ ഉപയോഗിച്ചു (ലേവ്യാപുസ്തകം 10:1, 2), യെഹസ്ക്കേലിന്റെ മാഗോഗിന്മേലും തീ അയക്കുമെന്ന് അവൻ വാഗ്ദാനം ചെയ്തിരുന്നു (യെഹസ്ക്കേൽ 39:6). അതുപോലെ, ഒരു ദിവസം കർത്താവ് “പ്രതികാരം ചെയ്യേണ്ടതിന് അഗ്നിജ്വാലയിൽ പ്രത്യക്ഷനാകും” (2 തെസലൊനിക്യർ 1:7, 8).

എല്ലാ വിവരണത്തിലുമെന്നപോലെ, ആ “യുദ്ധത്തിൽ,” യഥാർത്ഥ പോരാട്ടം ഇല്ലായിരുന്നു. ബർട്ടൻ കോഫ്മാൻ പറഞ്ഞു, “അത് ഒരു യുദ്ധം തന്നെ ആയിരുന്നില്ല അല്ലേ? ദൈവം അരുളിച്ചെയ്തു, അങ്ങനെ സംഭവിച്ചു. തിന്മയുടെ കണക്കെല്ലാം ദൈവം ഒരൊറ്റ തീകൊണ്ട് അവസാനിപ്പിച്ചു.”[30] “ദൈവം തിന്മയെ നശിപ്പിക്കുവാൻ ആഗ്രഹിച്ചാൽ, യുദ്ധത്തിന്റെ തന്നെ ആവശ്യമില്ലാതെ പ്രവർത്തിക്കുന്ന [ഒന്നാണ്] ദൈവശക്തി.”[31]

**വിധിച്ചു**

സാത്താന് തന്നെ എന്തു സംഭവിച്ചു? “അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന[32] ഗന്ധകത്തീപ്പൊയ്കയിലേക്ക് തള്ളിയിടും. അവിടെ അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം അനുഭവിക്കേണ്ടിവരും” (വാ. 10). (ഈ പാഠത്തിന്റെ അവസാനം വരുന്ന “സാത്താനെ ഗന്ധകപ്പൊയ്കയിലേക്ക് തള്ളിയിടുന്നു” എന്ന ചിത്രീകരണം നോക്കുക.)

വെളിപ്പാടിലെ ഭാവനയിൽ, “സർപ്പത്തെ ആദ്യം ഭൂമിയിലേക്ക് തള്ളിയിട്ടു” (12:9), പിന്നെ “അഗാധകൂപത്തിലേക്ക്” തള്ളിയിട്ടു (20:3). അവസാനം, നമ്മുടെ വേദഭാഗത്തിൽ, “തീപ്പൊയ്കയിലേക്ക് തള്ളിയിട്ടു” (20:10).[33] “അങ്ങനെ അതുവരെ മനുഷ്യരെ ഭയപ്പെടുത്തുകയും വഞ്ചിക്കുകയും ചെയ്ത അഹങ്കാരിയായ ആത്മാവിന്റെ ചരിത്രം അവസാനിച്ചു”[34] – “മനുഷ്യ ചരിത്രത്തിന്റെ താഴ്വരയിൽ നിഴലായിരുന്ന ആ രൂപത്തിന് വിപത്ത് നേരിട്ടു.”[35]

നാം വാക്യം 10 വിട്ടുപോകുന്നതിനു മുൻപ്, നാല് പരാമർശങ്ങൾ നടത്തേണ്ടതായിട്ടുണ്ട്:

(1) പിശാച് ഇപ്പോൾ നരകത്തിലല്ല. ലോകാവസാനത്തിൽ മാത്രമെ അവനെ നരകത്തിൽ തള്ളിയിടുകയുള്ളു, അവന്റെ കൂട്ടാളിയായിരുന്ന – റോമിനെ – ചരിത്രത്തിൽനിന്നു തന്നെ നീക്കം ചെയ്തു, എന്നാൽ കർത്താവ് മടങ്ങി വരുമ്പോഴും അവൻ നമുക്ക് ചുറ്റും ഉണ്ടാകും.

(2) പിശാചിനെ നരകത്തിലേക്ക് തള്ളിക്കളയുന്നത് *ശിക്ഷിക്കുവാനാണ്.* നരകത്തിന്റെ മുഖ്യനടത്തിപ്പുകാരൻ പിശാചാണെന്നും അവിടെ എത്തുന്നനവരെ ദണ്ഡിപ്പിക്കുന്നതിന് അവന് സന്തോഷമാണുള്ളത് എന്ന ഒരു തെറ്റിദ്ധാരണ പരന്നിട്ടുണ്ട്. “സ്വർഗത്തിൽ സേവനം നടത്തുന്നതിനേക്കാൾ നരകത്തിൽ വാഴുന്നതാണ് നല്ലതെന്ന്.”[36] സാത്താൻ പറയുന്നതായി *നഷ്ടപ്പെട്ട പറുദീസ* എന്ന പുസ്തകത്തിൽ ജോൺ മിൽട്ടൻ പറയുന്നു. മിൽട്ടൻ ഒരു

മികച്ച കവിയായിരുന്നേക്കാം. പക്ഷെ അവൻ വേദശാസ്ത്രപരമായി അത്ര മികവുള്ളവനായിരുന്നില്ല. സാത്താൻ നരകത്തിൽ പോകുന്നത് അവിടെ നിയന്ത്രിക്കുന്നതിനല്ല, അവനെ ദണ്ഡിപ്പിക്കുന്നതിനാണ്. അവൻ ദണ്ഡിപ്പിക്കുന്നവനായിരിക്കുകയില്ല; അവൻ ദണ്ഡനം അനുഭവിക്കുന്നവനായിരിക്കും.

(3) നരകം ഭീകരമായിരിക്കും. ഈ വേദഭാഗത്തിലെ ഭാവന "ഗന്ധകം കത്തുന്ന തീപ്പൊയ്കയാണ്" (വാ. 10). വേറൊരു ഭാഗത്ത് "പുറത്തുള്ള ഇരുട്ട്" എന്നാണ്, "അവിടെ പല്ലുകടിയും കരച്ചലും ഉണ്ടാകും" (മത്തായി 22:13). അവിടെ "പുഴു ചാകുകയില്ല, തീ കെടുകയുമില്ല" (മർക്കൊസ് 9:48).[37] എച്ച്. എൽ. എലിസൺ പറഞ്ഞതു, അവിടെ വിവരിച്ചിരിക്കുന്ന അലങ്കാരം, "അതിന്റെ അർത്ഥത്തിന് മാറ്റം വരുത്തുന്നില്ല. അലങ്കാരം എല്ലായ്പോഴും മുഴുവൻ സത്യവും വ്യക്തമാ*ക്കാറില്ല*."[38] തിരുവെഴുത്തിൽ ഉപയോഗിച്ചിരിക്കുന്ന കുളിർമ്മയുള്ള വാക്കുകൾ നാം വായിക്കുമ്പോൾ, നഗരം എത്ര ഭീകരമാണെന്ന് നമുക്ക് തോന്നും!

(4) നരകം എന്നേക്കും ഉള്ളതായിരിക്കും. ചിലർ കരുതുന്നത് നരകം ഉന്മൂലനം വരുത്തുന്ന സ്ഥലമാണെന്നാണ്,[39] പക്ഷെ വേദഭാഗം പറയുന്നത്, പിശാചിനെയും അവന്റെ കൂട്ടാളികളെയും "എന്നേക്കും രാപ്പകൽ ദണ്ഡിപ്പിക്കും" എന്നാണ് (വാ. 10).[40] ലിയോൺ മോറിസ് നിരീക്ഷിച്ചു, "അവിടെ ഇടവേളയുമില്ല, അവസാനവുമില്ല."[41]

അങ്ങനെയാണ് സാത്താന്റെ അവസാനം വ്യക്തമാക്കിയിരിക്കുന്നത്: അവന്റെ പ്രവർത്തനത്തിന്റെ അവസാനം, അവന്റെ സ്വാധീനത്തിന്റെ അവസാനം, അവന്റെ പരീക്ഷണങ്ങളുടെ അവസാനം, മനുഷ്യരെ അവൻ പീഡിപ്പിക്കുന്നതിന്റേയും അവസാനമായിരിക്കും. "സാത്താനേ ഗുഡ് - ബൈ, ഉദ്ധാരണം!"

**ഉപസംഹാരം**

വെളിപ്പാടിലെ ഏറ്റവും പ്രയാസമേറിയ ഭാഗങ്ങളെ കുറിച്ച് നാം മൂന്നു പാഠങ്ങൾ പഠിച്ചു. ഞങ്ങളിൽ ശേഷമുള്ളവരെപോലെ, ഇപ്പോഴും നിങ്ങൾക്ക് വെളിപ്പാട് 20:1-10 വ്യക്തമായി മനസിലായിട്ടില്ലെങ്കിൽ, ചില വിശദാംശങ്ങൾ നിങ്ങൾക്ക് കടങ്കഥയായി അവശേഷിക്കുന്നുവെങ്കിൽ, അത് മനസിലാകുവാനുള്ള ഉൾക്കാഴ്ച്ച ദൈവം തരട്ടെ എന്നു പ്രാർത്ഥിക്കുന്നു. നിങ്ങൾ തുടർന്നു വായിക്കുമ്പോൾ, വേദഭാഗം വിശദാംശങ്ങളല്ല, പിന്നെയോ നൽകുന്ന സന്ദേശം മൊത്തത്തിലുള്ളതാണെന്ന് ഓർക്കുക. വാക്യങ്ങൾ 1 മുതൽ 10 വരെ പാക്ക് ഇപ്രകാരം ചുരുക്കി പറഞ്ഞിരിക്കുന്നു:

> വേദഭാഗം നൽകുന്ന മുഖ്യ സത്യം എന്തെന്നാൽ കർത്താവിനോട് സത്യസന്ധത പുലർത്തി ജീവിച്ചവർ മരണശേഷം അവന്റെ തേജസ് പങ്കിടുമെന്നും സാത്താനെയും അവന്റെ ഏജന്റുമാരെയും ദൈവം മറിച്ചിടുമെന്നും ഉറപ്പാക്കിയിട്ടുണ്ട്. ആ അവകാശം നമുക്കുള്ളതാണെന്ന് അറിഞ്ഞ്, നമുക്ക് പ്രത്യാശയിലും, സമൃദ്ധിയിലും, വിജയത്തോടുകൂടി ജീവിക്കുവാൻ കഴിയും എന്ന് കർത്താവ് ഉറപ്പു നൽകുന്നു.[42]

ഒരു സർക്കസ് കളിക്കാരനും അയാളുടെ സഹപ്രവർത്തകരും കളിച്ചു കൊണ്ടിരിക്കുന്നതിനടിയിൽ ഒരു വല വിരിച്ചിരിക്കുന്നതിനെ കുറിച്ച് ഒരാൾ

ഒരിക്കൽ ചോദിച്ചു. തങ്ങളുടെ കഴുത്ത് വീണ് ഒടിയാതിരിക്കുന്നതിനുവേണ്ടിയാണ് വല വിരിച്ചിരിക്കുന്നത് എന്ന് കളിക്കാരൻ സമ്മതിച്ചു "വലയില്ലെങ്കിൽ കളിക്കുമ്പോൾ, ഞങ്ങൾക്ക് വീഴുമോ എന്ന ഭയമായിരിക്കും. വലയില്ലെങ്കിൽ, ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ചില പരിപാടികൾ ചെയ്യുവാൻ ഞങ്ങൾ ധൈര്യപ്പെടുകയില്ല"[43] എന്നുകൂടെ അയാൾ പറഞ്ഞു.

വെളിപ്പാട് 20:1-10 ലെ ഉറപ്പുകൾ ദൈവജനത്തിനുള്ള "സുരക്ഷിത വലയാണ്." ക്രിസ്ത്യാനിക്ക് ഒരിക്കലും നേടുവാൻ കഴിയാത്ത കാര്യങ്ങൾക്കായി പ്രാപ്തമാക്കുന്നതാണ് ആ "സുരക്ഷിത വല."

ആ ഉറപ്പുകൾ നിങ്ങൾക്ക് ഉള്ളതാണോ? ദൈവത്തിന്റെ വാഗ്ദാനങ്ങൾ നിങ്ങൾക്ക് അവകാശപ്പെടുവാൻ കഴിയുന്നുണ്ടോ? മറ്റൊരു വിധത്തിൽ ഞാൻ ചോദിക്കട്ടെ: നിങ്ങൾ ഒരു ദൈവമകനായി തീർന്നിട്ടുണ്ടോ? വിശ്വസ്തനായ ദൈവമകൻ? ഇല്ലെങ്കിൽ, ഇന്നു തന്നെ ദൈവത്തിലേക്ക് തിരിഞ്ഞ്, അവനിൽ ആശ്രയിച്ച് അനുസരിക്കുക![44]

## പ്രാസംഗികർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള ഒരു കുറിപ്പ്

ഈ പാഠത്തിന് മറ്റു ചില തലവാചകങ്ങൾ ഇതാ: "നശിപ്പിക്കുന്നവന്റെ നാശം"; "സാത്താന്റെ ഹംസ ഗാനം"; "പിശാചിന്റെ അന്തിമ സ്ഥാനവും നാശവും"; "നല്ല ഉദ്ധാരണവും!"

---

കുറിപ്പുകൾ

[1]നിങ്ങൾക്ക് വേണമെങ്കിൽ ക്രിസ്തുവിന്റെ ശത്രുക്കൾ ഒരു ക്രമത്തിൽ വരുന്നതു പരിചയപ്പെടുത്തുകയും മറ്റൊരു ക്രമത്തിൽ പോകുകയും ചെയ്തതായി പഠിച്ചത് അവലോകനം നടത്താം. ഈ പുസ്തകത്തിൽ നേരത്തെ വന്ന "പ്രധാന അടയാളങ്ങളും അതിശയിപ്പിക്കുന്ന അലങ്കാരങ്ങളും" എന്ന പാഠം നോക്കുക. [2]എന്തു സംഭവിച്ചാലും, *ദൈവമാണ് നിയന്ത്രിക്കുന്നത്* എന്ന കാര്യം വെളിപ്പാട് വീണ്ടും ഓർപ്പിക്കുന്നത് നാം കാണാതെ പോകരുത്. [3]"ധാർമ്മിക ആവശ്യം" സൂചിപ്പിക്കുന്ന *ഡെയി* എന്ന വാക്യം 2 ലെ ഗ്രീക്ക് വാക്ക് തർജിമ ചെയ്ത വാക്കാണ് "മസ്റ്റ്" എന്ന ഇംഗ്ലീഷ് വാക്ക്. [4]ഡൊണാൾഡ് *ഗത്രി*, *ദ റിലെവൻസ് ഓഫ് ജോൺസ് അപോകാലിപ്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 102-3. [5]ഫ്രാങ്ക് പാക്ക്, *റെവേലേഷൻ*, പാർട്ട് 2. ദ ലിവിങ് വേഡ് സീരീസ് (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1965), 52. [6]വെളിപ്പാടിനെ ഏതു സമീപനത്തിൽ കണ്ടാലും അത് വാസ്തവമാണ്. [7]അദ്ധ്യായം 13 ലെ രണ്ട് മൃഗങ്ങളെ കുറിച്ച് പഠിച്ചപ്പോൾ, "ദാവികത്വം," "പുനരുത്ഥാനം" തുടങ്ങിയവയിൽ സാത്താന് പ്രവർത്തിക്കുവാൻ പരിമിതികളുണ്ട് എന്നു നാം മനസിലാക്കി. (*വെളിപ്പാട്, 4* എന്ന പുസ്തകത്തിലുള്ള "നോക്കുക, ശ്രദ്ധിക്കുക, പഠിക്കുക," "മഹാ വഞ്ചകൻ" എന്നീ പാഠങ്ങൾ നോക്കുക.) [8]ഈ പുസ്തകത്തിൽ ആദ്യം വന്ന "കർത്താധികർത്താവും രാജാധിരാജാവും" എന്ന പാഠത്തിലെ കുറിപ്പുകൾ നോക്കുക. [9]"മാത്രം" എന്ന 12:12 ലെ വാക്ക് മൂലഗ്രന്ഥത്തിലില്ല (അത് തർജിമക്കാർ ചേർത്തതാകാം.) 20:3 ലെ സമാനത കൂടുതൽ തീർച്ചപ്പെടുത്തുവാൻ ഞാൻ "മാത്രം" എന്ന വാക്ക് നീക്കം ചെയ്തു. [10]ക്രിസ്ത്യാനിത്വം റോമാ സാമ്രാജ്യത്തിന്മേൽ വിജയിച്ചിട്ടും നേരിട്ട ഉപദ്രവമായിരുന്നു "അൽപകാലം" എന്നതു സൂചിപ്പിക്കുന്നത് എന്നാണ് കർശന പ്രിട്ടെരിസ്റ്റ് സമീപനക്കാർ പറയുന്നത്.

[11]രണ്ട് വാക്യങ്ങളിലും ആ വാക്ക് ഇംഗ്ലീഷിലും ഗ്രീക്കിലും ഒന്നു തന്നെയാണ്.

[12]ആവേശം ജനിപ്പിക്കുന്നവർ പറയുന്നത്, ജാതികൾ എന്നു പറഞ്ഞിരിക്കുന്നത് അമേരിക്കയിൽനിന്നു വളരെ ദൂരെയുള്ളവർ എന്നാണ്. [13]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "ഇവിടെ ഇതാ സർപ്പങ്ങൾ" എന്ന പാഠത്തിലെ "നാല്" എന്ന സംഖ്യയുടെ ആലങ്കാരിക പ്രാധാന്യം നോക്കുക. [14]*വെളിപ്പാട്, 4* എന്ന പുസ്തകത്തിലെ "ഒരിക്കലും ഉണ്ടായിട്ടില്ലാത്തതും ഉണ്ടാകാനിടയില്ലാത്തതുമായ യുദ്ധം" എന്ന പാഠം നോക്കുക. [15]വില്യം ബാർക്ലേ, *ദ റെവലേഷൻ ഓഫ് ജോൺ, വാല്യം. 2 റെവ. എഡി., ദഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (*ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1976), 194. [16]മാഗോഗ് ഒരുപക്ഷെ, ബൈബിളിൽ പറയുന്നതിനു മുൻപ് യിസ്രായേലിനെ എതിർത്തിരിക്കാം. യിസ്രായേലിൽനിന്നും അകലെ അറിയപ്പെടാതെ കിടന്ന പ്രദേശമായതിനാലാകാം ആ പേർ തിരഞ്ഞെടുത്തത്. [17]യെഹസ്ക്കേൽ 38 ലേയും 39 ലേയും "ഗോഗ്" അന്തിയോക്കസ് എപ്പിഫാനസിനു വേണ്ടി നിലകൊള്ളുന്നു എന്നാണ് പല വ്യാഖ്യാതാക്കളും കരുതുന്നത്. അന്തിയോക്കസ് എപ്പിഫാനസ് യെഹൂദ ദൈവാലയത്തെ അശുദ്ധമാക്കിയ ഒരു വെറുക്കപ്പെട്ട സിറിയൻ ഭരണാധികാരിയായിരുന്നു. അയാളുടെ പ്രവൃത്തികളുടെ ഫലമായി മെക്കാബിയൻ വിപ്ലവം പൊട്ടിപ്പുറപ്പെടുകയും യെഹൂദ സ്വാതന്ത്ര്യവും രണ്ട് നിയമങ്ങൾക്കിടയിലുണ്ടായി. യെഹസ്ക്കേലിന്റെ മനസിൽ പുരാതന ബാബിലോനാണ് ഉണ്ടായിരുന്നതെന്ന് മറ്റുള്ളവർ വിചാരിക്കുന്നു. [18]ജിം മെക്ഗ്വിഗിൻ, *ദ ബുക്ക് ഓഫ് റെവലേഷൻ*, ലുക്കിങ് ഇൻടു ദ ബൈബിൾ സീരീസ് (ലബ്ബക്ക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 304. [19]ജി. ബി. കെയിഡ്, *ഏ കമെന്ററി ഓൺ ദ റെവലേഷൻ ഓഫ് സെന്റ്. ജോൺ ദ ഡിവൈൻ (*ലണ്ടൻ: ആഡം & ചാൾസ് ബ്ലാക്ക്, 1966), 256. [20]*വെളിപ്പാട്, 4* എന്ന പുസ്തകത്തിലെ "ഒരിക്കലും ഉണ്ടായിട്ടില്ലാത്തതും ഉണ്ടാകാനിടയില്ലാത്തതുമായ യുദ്ധം" എന്ന പാഠം നോക്കുക. കൂടാതെ ഈ പുസ്തകത്തിൽ മുൻപ് വന്ന "കർത്താധികർത്താവും രാജാധിരാജാവും" എന്ന പാഠത്തിലെ 19:19 ന്റെ പരാമർശവും നോക്കുക.

[21]മൂന്നു വിവരണങ്ങളും ഒരേ യുദ്ധത്തെ കുറിച്ചാണ് പറയുന്നത് എന്നതിനുള്ള കാര്യങ്ങൾ മുൻപ് പറഞ്ഞതു കൂടാതെ, ഇത് പരിഗണിക്കുക: അദ്ധ്യായം 19 ലെ രണ്ടാമത് വിവരിച്ചിരിക്കുന്ന യുദ്ധത്തെ സംബന്ധിക്കുന്ന ഗോഗ്, മാഗോഗ് എന്നിവ പറഞ്ഞിരിക്കുന്നത് നോക്കുക. ഈ പുസ്തകത്തിൽ മുൻപ് വന്നതായ "കർത്താധികർത്താവും രാജാധിരാജാവും" എന്ന പാഠത്തിലെ കുറിപ്പുകൾ നോക്കുക. [22]*വെളിപ്പാട്, 4* എന്ന പുസ്തകത്തിലെ "ഒരിക്കലും ഉണ്ടായിട്ടില്ലാത്തതും ഉണ്ടാകാനിടയില്ലാത്തതുമായ യുദ്ധം" എന്ന പാഠം നോക്കുക. [23]ഹോമർ ഹെയ്‌ലി, *റെവലേഷൻ: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 398. [24]ഹെന്റി ബി. സ്വെറ്റ്, *ദ അപോകാലിപ്സ് ഓഫ് സെന്റ്. ജോൺ* (കെയിംബ്രിഡ്ജ്: മാക്മില്ലൻ കമ്പനി., 1908; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 269. [25]"പാളയം" എന്ന വാക്ക് പുതിയനിയമത്തിൽ *സൈനിക* പാളയം എന്ന നിലയിൽ ചിലപ്പോൾ ഉപയോഗിച്ചിരിക്കുന്നതിനാൽ, അത് ക്രിസ്ത്യാനികൾ പോരാടേണ്ട ആത്മിയ പോരാട്ടമായി ചില എഴുത്തുകാർ കരുതുന്നു (എഫെസ്യർ 6:10-18). [26]ഗലാത്യർ 4:26 ഉം നോക്കുക. [27]അദ്ധ്യായം 21 ഉം 22 ഉം പഠിക്കുമ്പോൾ "സ്വർഗീയ യെരുശലേ" മിനെ കുറിച്ച് നാം മനസിലാക്കും. [28]അദ്ധ്യായം 16 ലും 19 ലും വിവരിച്ച അതേ യുദ്ധം തന്നെയാണ് 20:8, 9 ലും ഉള്ളത് എന്ന്, ഒരിക്കൽകൂടെ ഊന്നി പറയട്ടെ. ഈ പാഠത്തിൽ അവസാനം വരുന്ന "സാത്താൻ ജാതികളെ വഞ്ചിക്കുന്നു" എന്ന ചിത്രീകരണത്തിലെ "യുദ്ധ" രംഗം വരക്കുവാൻ ഞാൻ ബ്രയൻ വാറ്റ്സിനോട് പറഞ്ഞു. ആ ചിത്രത്തിൽ അദ്ദേഹം സർപ്പത്തിന്റേയും പാളയത്തിന്റേയും, സ്വർഗത്തിൽ നിന്നു തീ ഇറങ്ങി നശിപ്പിക്കുന്നതും

കാണിച്ചിട്ടുണ്ട്. മൂന്നു വേദഭാഗങ്ങളിലും പറയുന്നത് ഒരേ "യുദ്ധം" ആണെന്ന് അത് വ്യക്തമാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. [29]നോക്കുക മാർട്ടിൻ എച്ച്. ഫ്രാൻസ്മാൻ, *ദ റെവലേഷൻ ടു ജോൺ* (സെന്റ്. ലൂയിസ്: കൺകോഡിയ പബ്ലിഷിങ്ങ് ഹൗസ്, 1976), 134. [30]ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ റെവലേഷൻ* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1979), 478.

[31]ലിയോൺ മോറിസ്, *റെവലേഷൻ*, റെവ. എഡി., ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 233. [32]നോക്കുക 19:20. [33]ആ വാക്യങ്ങളിലെല്ലാം ഗ്രീക്ക് ക്രിയയുടെ അർത്ഥം "എറിയുക" എന്നാണ്. അത് തീർച്ചയായും, ആലങ്കാരികമാണ്, എന്നാൽ അഭിവൃദ്ധി രസകരമാണ്. [34]ഫ്രാൻസ്മാൻ, 134. [35]ഓവൻ എൽ. ക്രൗച്ച്, *എക്സ്പേ ാസിറ്ററി പ്രീച്ചിങ് ആന്റ് ടീച്ചിങ് റെവലേഷൻ* (ജോപ്ലിൻ, മോ.: കോളേജ് പ്രസ് പബ്ലിഷിങ് കമ്പനി., 1985), 362. [36]ബുക്ക്, 1, ലൈൻ 262, ക്വോട്ടഡ് ഇൻ ജെയിംസ് എം. എഫേർഡ്, *റെവലേഷൻ ഫോർ ടുഡേ* (നാഷ്‌വിലേ: അബിങ്ടൻ പ്രസ്, 1989), 99. ജോൺ മിൽട്ടന്റെ ഇംഗ്ലീഷ് പദ്യസമാഹാരമാണ്, *പാരഡൈസ് ലോസ്റ്റ്* (1608 -74). [37]ഈ പുസ്തകത്തിൽ മുൻപ് വന്ന "കർത്താധികർത്താവും രാജാധിരാ ജാവും" എന്ന പാഠത്തിലെ 19:20 ന്റെ കുറിപ്പുകൾ നോക്കുക. കൂടാതെ അടുത്ത പാ ഠത്തിൽ വരുന്ന "ഗന്ധകവും കത്തുന്ന തീപ്പൊയ്കയും" എന്ന ചെറിയ പാഠവും നോക്കുക. [38]എച്ച്. എൽ. എലിസൺ, *1 പത്രൊസ് - റെവലേഷൻ*, സ്ക്രിപ്ച്ചർ യൂണിയൻ ബൈബിൾ സ്റ്റഡി ബുക്ക് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലി യുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1969), 84-85. (എംഫസിസ് മൈൻ.) [39]സാത്താന്റെ വിധിയെ കുറിച്ച്, ഞാൻ ചിലപ്പോൾ "നാശം" അല്ലെങ്കിൽ "നശിപ്പി ക്കുക" എന്നീ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. ആരും തന്നെ ആ വാക്ക് ഉന്മൂലനം എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടില്ലെന്ന് തോന്നുന്നു. "ഞാൻ നിന്നെ നശിപ്പിക്കുവാൻ പോ കുന്നു" എന്ന് ഒരാൾ മറ്റൊരാളോട് പറയുമ്പോൾ, തീർച്ചയായും അയാളെ വകവ രുത്തും എന്ന അർത്ഥം അതിലില്ല. മറിച്ച്, അയാൾ മറ്റെ ആളുടെ ജീവിതത്തിലോ പ്ര വർത്തിയിലോ എന്തെങ്കിലും കുഴപ്പം വരുത്തുമെന്നർത്ഥം. അതുപോലെ, അവസാനം സാത്താന്റെ പ്രവർത്തനം നിലക്കും, അവന്റെ സ്വാധീനം ഉണ്ടാകും - അവൻ ജീവി ച്ചിരിക്കും - പക്ഷെ നരകത്തിലായിരിക്കും. [40]നരകത്തിന്റെ "എന്നുമെന്നേക്കും" ഉള്ള അവസ്ഥയുടെ കൂടുതൽ ചർച്ചക്ക്, നോക്കുക ഹെയ്‌ലി, 398-99.

[41]മോറിസ്, 233. [42]പാക്ക്, 55. [43]എടുത്തിരിക്കുന്നത്, ക്രെയിഗ് ബ്രയൻ ലാർസൻ, എഡി., *ഇല്ലസ്ട്രേഷൻസ് ഫോർ പ്രീച്ചിങ് ആന്റ് ടീച്ചിങ്* ഫ്രം ലീഡർഷിപ് ജേണൽ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്സ്, 1993), 215. (എംഫസിസ് മൈൻ.) [44]ഈ പാഠം നിങ്ങൾ ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, സദസ്യരോട് എങ്ങനെ ക്രിസ്ത്യാനിയായി തീരാമെന്നും (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:37, 38) തെറ്റിപോയ ദൈവമകന് എങ്ങനെ തിരിച്ച് കർത്താവിന്റെ അടുക്കൽ എത്താ മെന്നും പറയുക (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16).

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. ആരംഭത്തിൽ നരകം ഒരുക്കിയത് ആർക്കു വേണ്ടിയായിരുന്നു?
2. തിന്മ പൂർണ്ണമായി തുടച്ചുനീക്കുവാൻ, എന്തുകൊണ്ട് സാത്താനെ തുടച്ചു നീക്കണം?

3. “അൽപ കാലം” സാത്താനെ അഴിച്ചു വിടേണ്ടത് എന്തുകൊണ്ടാണെന്നാണ് *നിങ്ങൾ* വിചാരിക്കുന്നത്? (നിങ്ങളുടെ അഭിപ്രായം മറ്റാരുടെയും അഭിപ്രായം പോലെ പ്രാധാന്യമുള്ളതാണ്!)
4. “ആയിരം ആണ്ട്” എന്നത് ഒരു ആശയമാകയാൽ (പൂർണ്ണത) “അൽപ കാലം” എന്നതും ആശയമായിരിക്കയില്ലേ? നിങ്ങളുടെ ഉത്തരം “അതെ” എന്നാണെങ്കിൽ, ആ ആശയം എന്തായിരിക്കുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?
5. പാഠമനുസരിച്ച്, “ആയിരം ആണ്ട്” തടവിൽനിന്നു സാത്താൻ എന്തെങ്കിലും പഠിച്ചോ?
6. “ഗോഗിന്റെയും മാഗോഗിന്റെയും” ബൈബിൾ പശ്ചാത്തലം നൽകുക. വെളിപ്പാട് 20-ൽ അവ എന്തിനെ പ്രതിനിധീകരിക്കുന്നു?
7. വാക്യം 9-ൽ പറഞ്ഞിരിക്കുന്ന “പാളയം”/“നഗരം” എന്താണ്? ആ വാക്കുകൾ കർത്താവിന്റെ സഭയെ കുറിച്ച് എന്തു പറയുന്നു?
8. “അർമ്മഗദോൻ യുദ്ധം” എന്നറിയ-പ്പെടുന്നതിനെ കുറിച്ച് മുൻപ് പഠിച്ചത് അവലോകനം നടത്തുക. മുൻപ് രണ്ട് തവണ വിവരിച്ച ആ യുദ്ധത്തിൽ എന്തെങ്കിലും “പോരാട്ടം” നടന്നിരുന്നോ? ആ രണ്ട് വിവരണങ്ങളിൽ എന്താണ് സംഭവിച്ചത്? ഈ വിവരണത്തിൽ സംഭവിച്ചതെന്ത്?
9. തന്റെ സൈന്യത്തിന്റെ പരാജയശേഷം, സാത്താന് എന്തു സംഭവിച്ചു? അവനെ നരകത്തിന്റെ നടത്തിപ്പുകാരനായിട്ടാണോ അയച്ചത്?
10. നരകം ഭീകരമായിരിക്കുമോ? അവിടെ പോകാതിരിക്കണമെങ്കിൽ എന്തു ചെയ്യണം?



സാത്താൻ ജാതികളെ വഞ്ചിക്കുന്നു (20:8)



**സാത്താനെ തീപൊയ്കയിലേക്ക് തള്ളിയിടുന്നു (20:10)**